എമ്മാവൂസ്
വചനദൂത്



# കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

റവ. ഫാ. സിറിയക് മുപ്പാത്തിയിൽ MCBS

മത്തായി 2:13 - 18 Vol. 09 Issue 34

ലോകം മുഴുവൻ ആനന്ദത്തിലാറാടിയിട്ട് മൂന്ന് ദിവസമേ ആകുന്നുള്ളൂ. ബെത്‌ലഹേമിൽ ദിവ്യപൈതൽ പിറന്നത് നാം കണ്ടതാണ്. ആട്ടിടയന്മാരും പൂജാരാജാക്കന്മാരും അവിടുത്തെ ആരാധിക്കാൻ വന്നു. എന്തൊരു ആഹ്ലാദമായിരുന്നു എല്ലാവർക്കും. മൂന്ന് ദിവസത്തിനു ശേഷം എല്ലാം മാറിമറിഞ്ഞു. ബെത്‌ലഹേമിലും പരിസരത്തുമുള്ള വീടുകളിൽ നിന്ന് വിലാപമുയർന്നു. അമ്മമാരുടെ ഒക്കത്തിരുന്ന കുഞ്ഞുങ്ങളെ ഹേറോദോസിന്റെ പടയാളികൾ വാളിനിരയാക്കി. ബെത്‌ലഹേമിൽ പിറന്ന പൈതൽ രാജാക്കന്മാരുടെ രാജാവാണെന്ന തിരിച്ചറിയലാണ് ഹേറോദോസിനെ ഈ കൊടുംക്രൂരതയ്ക്ക് പ്രേരിപ്പിച്ചത്. അല്ലയോ ഹേറോദോസേ, താങ്കൾ ആരെയാണ് ഭയപ്പെടുന്നത്? താങ്കളുടെ അധികാരം പിടിച്ചെടുക്കാൻ വന്നവനല്ല ഈ ദിവ്യപൈതൽ. 'എന്റെ രാജ്യം ഈ ലോകത്തല്ല' എന്ന് പ്രഖ്യാപിക്കുന്നവനാണ് ഈ ദിവ്യശിശു. താങ്കളുടെ ഭയം തികച്ചും അകാരണമാണ്. ക്രിസ്തു അവതാരം ചെയ്തത് താങ്കളുടെ സിംഹാസനം തട്ടിയെടുക്കാനല്ല. മറിച്ച് പിശാചിന്റെ അടിമത്വത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തെ രക്ഷിക്കാനാണ്.

ചരിത്രത്തിൽ അതിക്രൂരത കാണിച്ചിട്ടുള്ള ഏകാധിപതികളിൽ മുൻപന്തിയിലുള്ള ഹേറോദോസ് ഇത്തരം കൂട്ടക്കൊല ചെയ്തോ എന്ന് സംശയിക്കേണ്ടതില്ല. സ്വന്തം കുടുംബാംഗങ്ങളെപ്പോലും ഉന്മൂലനം ചെയ്ത ചരിത്രമാണ് ഹേറോദോസിന്റേത്. പൗരസ്ത്യജ്ഞാനികൾ തന്നെ കബളിപ്പിച്ച് കടന്നുകളഞ്ഞെന്നറിഞ്ഞ രാജാവ് ഏറെ ക്രുദ്ധനായി. ബെത്‌ലഹേമിലും പരിസരങ്ങളിലുമുള്ള രണ്ട് വയസ്സോ അതിൽ താഴെയോ ഉള്ള എല്ലാ ശിശുക്കളെയും വധിക്കാൻ കല്പന കൊടുത്തു. എന്നാൽ ഹേറോദോസിനെ ശരിക്കും കബളിപ്പിച്ചത് ജ്ഞാനികളല്ല. മറിച്ച്, ബെത്‌ലഹേമിലെ ശിശുവായിരുന്നെന്ന സത്യം മത്തായി സുവിശേഷകൻ മറച്ചു വയ്ക്കുന്നില്ല. ജെറമിയാ പ്രവാചകന്റെ വാക്കുകളിലൂടെയാണ് വി. മത്തായി ഈ കഥ വിവരിക്കുന്നത്. "റാമായിൽ ഒരു സ്വരം കേട്ടു. വിലാപവും വലിയ കരച്ചിലും. റാഹേൽ തന്റെ കുഞ്ഞുങ്ങളെ പ്രതി കരയുന്നു. ആശ്വസിപ്പിക്കപ്പെടാൻ അവൾ ഇഷ്ടപ്പെട്ടില്ല. കാരണം അവൾ ജീവിച്ചിരിപ്പില്ല" (മത്താ. 2:28).

ജെറുസലേമിന്റെ നാശത്തെ വിവരിക്കുന്ന

പ്രവാചകനാണ് ജെറമിയ. റാമാ ജെറുസലേമിന് വടക്കുള്ള ഉയർന്ന പ്രദേശമാണ്. ഇവിടെ റാഹേലിനെപ്പറ്റി പരാമർശിക്കുന്നു. യാക്കോബിന്റെ രണ്ട് അമ്മമാരിൽ ഒരമ്മയാണല്ലോ റാഹേൽ. തിരിച്ചു വരാത്ത മക്കളെയോർത്ത് ഹൃദയം പൊട്ടിക്കരയുന്ന അമ്മയായ റാഹേൽ. ബെത്‌ലഹേമുമായി ബന്ധപ്പെടുത്തി റാഹേലിനെ മത്തായി ഓർമ്മിക്കുന്നു. കാരണം റാഹേൽ മരിച്ച് സംസ്ക്കരിക്കപ്പെട്ടത് എഫ്രാത്ത (ബെത്‌ലഹേം തന്നെ) യിലേയ്ക്കുള്ള വഴിയിൽ വച്ചാണ്. അവിടെ യാക്കോബ് അവളുടെ ഓർമ്മയ്ക്കായി ഒരു തൂണ് നാട്ടി. അതിന്നും അവിടെയുണ്ട് (ഉൽ. 35:20).

ഇസ്രായേലിന്റെ ചരിത്രത്തിലെ ഒരു ദുഃഖസ്മരണയായി കുഞ്ഞുങ്ങളുടെ കൂട്ടക്കുരുതി അറിയപ്പെടും. റാഹേലിന്റെ കണ്ണുനീരിന് അവസാനമില്ല. എന്നിട്ടും ഹേറോദോസിന് തന്റെ ലക്ഷ്യം നേടാൻ സാധിച്ചോ? തൊട്ടടുത്ത വചനം ആ ദുഷ്ടന്റെ മരണത്തെപ്പറ്റിയാണ് പറയുന്നത് (മത്താ. 2:19). യൂദയാ രാജാവായി രാജ്യം വാഴാൻ ആഗ്രഹിച്ച അയാൾ കൊല്ലാൻ ശ്രമിച്ചത് സത്യജീവനെ തന്നെ ആയിരുന്നു. വിശ്വസിച്ച് ചോദിച്ചിരുന്നെങ്കിൽ, ഈ ദൈവപുത്രനിൽ നിന്ന് അയാൾക്കും നിത്യജീവൻ നേടാൻ കഴിയുമായിരുന്നു. ഹേറോദോസിന്റെ വാളിനിരയായ കുഞ്ഞുങ്ങൾ, സംസാരിക്കാൻ തുടങ്ങുന്നതിന് മുമ്പേ, അവരറിയാതെ തന്നെ, ജീവന്റെ നാഥനെയാണ് ഏറ്റുപറഞ്ഞത്. അവന് പകരക്കാരായാണ് അവർ മരിച്ചത്. ഇത്ര ചെറുപ്പത്തിലേ രക്ഷകനെ തിരിച്ചറിഞ്ഞവർ-സംസാരിച്ച് തുടങ്ങുന്നതിന് മുമ്പ് അവന് സാക്ഷ്യം നൽകിയവർ.

നാം ചോദിച്ചേക്കും ഈ കൂട്ടക്കുരുതി ആവശ്യമായിരുന്നോ? ക്രിസ്തുമസ്സിന്റെ സർവ്വസന്തോഷവും തല്ലിക്കെടുത്തുന്നതല്ലേ കുഞ്ഞുങ്ങളുടെ ഗളച്ഛേദനം? ബെത്‌ലഹേമിൽ പിറന്ന ദൈവപൈതൽ എല്ലാ മനുഷ്യരുടെയും രക്ഷകനാണ്. അവൻ ലോകത്തിന്റെ പ്രകാശമാണ്. അന്ധകാരം അവനെ ഒതുക്കുന്നു. മനുഷ്യന്റെ പാപമാണ് അതിന് കാരണം. കുഞ്ഞിപ്പൈതങ്ങളുടെ തിരുന്നാൾ ഈ സംഘർഷമാണ് വ്യക്തമാക്കുന്നത്. ഇരുട്ടും വെളിച്ചവും തമ്മിലുള്ള, മരണവും ജീവനും തമ്മിലുള്ള, ഏകാധിപതിയും രക്ഷകനും തമ്മിലുള്ള സംഘർഷം. ലോകരക്ഷയ്ക്ക് സഹനവും മരണവും ആവശ്യമായി വരുന്നു. ദൈവം മനുഷ്യപുത്രനായി ഭൂമിയിൽ അവതരിച്ചപ്പോൾ തന്നെ പീഢാനുഭവവും മരണവും സമീപത്തുണ്ടെന്ന് വിളിച്ചറിയിക്കുന്നു. തന്റെ സിംഹാസനത്തിന് ഇളക്കം തട്ടുന്നതെന്തും പിഴുതുകളയുക, തന്റെ അധികാരത്തിന് വെല്ലുവിളിയായി തോന്നുന്നവരെ പാടെ നശിപ്പിക്കുക – ഇതാണ് ഹേറോദോസ് ചെയ്തത്. സ്വാർത്ഥതയാണ് എല്ലാ പാപത്തിനും മൂലകാരണം. ഇതല്ലേ നമ്മുടെയും പാപം? വി. യോഹന്നാൻ പറയുന്നു: ''തങ്ങൾക്ക് പാപമില്ല എന്ന് നാം പറയുമ്പോൾ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു. നമ്മിൽ സത്യമില്ല'' (യോഹ. 1:18). പാപമില്ലെന്ന് പറയുമ്പോൾ രക്ഷകന്റെ ആവശ്യം നാം നിഷേധിക്കുകയാണ്. നമുക്ക് വേണ്ടത് മാനസാന്തരമാണ്. നമ്മുടെ മാനസാന്തരം പൂർത്തിയാകും. പകരം പുൽക്കൂട്ടിലെ ദിവ്യപൈതൽ നമ്മെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും.

അതുകൊണ്ട് ഈ തിരുനാൾ എന്നുമൊരു വെല്ലുവിളിയാണ്. വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിക്കാമോ? സഹനങ്ങളെക്കാൾ സുഖസൗകര്യങ്ങളെയാണോ നാം അന്വേഷിക്കുക? പങ്കുവയ്ക്കാത്ത വിഭവങ്ങളെല്ലാം തനിയെ ആസ്വദിക്കുകയാണോ നമ്മുടെ ശീലം? എന്ന് വിചാരിച്ച് ലോകത്തിലെ ഏറ്റവും വലിയ പാപിയാണ് ഞാൻ എന്ന് കൊട്ടിഘോഷിച്ച് നടക്കേണ്ടതില്ല. നാം യഥാർത്ഥത്തിൽ അങ്ങനെയല്ലെങ്കിൽ, നമ്മിൽ പാപത്തിന്റെ വേരുകളുണ്ടെന്ന് നാം അംഗീകരിക്കണം. രക്ഷകന്റെ വെളിച്ചം എനിക്കാവശ്യമുണ്ടെന്ന് നാം ഏറ്റുപറയണം. എന്നിലെ സ്വാർത്ഥത നീക്കിക്കളയാൻ അവിടുത്തെ നിർമ്മലസ്നേഹത്തിനേ പറ്റൂ.

ക്രിസ്തുരഹസ്യം പൂർത്തിയായത് കുഞ്ഞിപ്പൈതങ്ങളിലാണ്. അവർ യഥാർത്ഥജീവൻ കണ്ടെത്തി. മരണത്തിന്റെ വാതിൽ കടന്ന് അവർ നിത്യജീവനിൽ പ്രവേശിച്ചു. പൗരസ്ത്യസഭയിലെ ഒരു പ്രാർത്ഥനയാണ് ''ഈശോ രക്ഷകാ'' എന്ന നാമജപം. ഈ പ്രാർത്ഥന ആവർത്തിക്കുന്നത് വഴി നമ്മുടെ ഹൃദയങ്ങളിൽ എളിമയും സ്നേഹവും വന്നുനിറയും. ക്രിസ്തുമസ്സിന്റെ രഹസ്യം മനസ്സിലാക്കാൻ ഈ ലഘുപ്രാർത്ഥന ഏറെ സഹായകമാകും. ഉണ്ണിയേശുവിന്റെ അനുഗ്രഹം ഏവർക്കും ആശംസിക്കുന്നു.

ആമേൻ.